## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 738** **26-07-2021 - ൽ മറുപടിയ്ക്ക്**

## കായൽ ടൂറിസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കായൽ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി ഈ രംഗത്ത് വലിയ വളർച്ച കൈവരിക്കാൻ കഴിയത്തക്ക നിലയിൽ സംസ്ഥാനത്ത് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കായൽ ടൂറിസം പ്രോത്സാഹിപ്പിക്കാനായി കോട്ടയം ജില്ലയിൽ വലിയമട വാട്ടർ ഫ്രണ്ട് പദ്ധതിക്കും ചീപ്പുങ്കൽ കുമരകം ഡസ്റ്റിനേഷൻ ഡവപ്മെന്റ് പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്; സാങ്കേതികാനുമതി കൂടി ലഭിക്കുന്ന മുറയ്ക്ക് ഇവയുടെ നിർമാണം ആരംഭിക്കാനാവും. വേമ്പനാട് കായലിലെ മാലിന്യ നീക്കത്തിനായി ഉത്തരവാദിത്ത ടൂറിസം മുഖേന 'ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്' പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കുന്ന ഗ്രാമീണ വിനോദസഞ്ചാര പാക്കേജുകൾ കുമരകം കൂടാതെ മറ്റു മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നുമുണ്ട്. ഇതിനു പുറമെ ശാസ്ത്രീയ മാലിന്യ സംസ്കരണ പദ്ധതി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന നടത്തി വരുന്നു. കായൽ ടൂറിസവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളും നൈറ്റ് ഹാൾട്ട് സെന്ററുകളും കായലോരങ്ങളിലെ നടപ്പാതകളും നിർമിച്ചിട്ടുണ്ട്. വേമ്പനാട് കായലും പരിസര പ്രദേശങ്ങളും അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായതിനാൽ, പുതിയ പദ്ധതികൾക്കായി തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പാലിച്ച് ഭൂമി കണ്ടെത്തുക എന്നതു വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എങ്കിലും കായൽ ടൂറിസത്തിന്റെ വിപുല സാധ്യത കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആവശ്യമായ ഭൂമി കണ്ടെത്തി വിനോദ സഞ്ചാര വികസനത്തിന് അനുയോജ്യമായതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്. |
| (ബി) | കുട്ടനാടൻ കായൽ ടൂറിസം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കുട്ടനാടൻ കായൽ ടൂറിസം പരിപോഷിപ്പിക്കാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ ഭൂമി കണ്ടെത്തി കുട്ടനാടിന്റെ |

| | | | |
|---|---|---|---|
| | | | പരിസ്ഥിതിക്ക് ഇണങ്ങുന്ന പുത്തൻ പദ്ധതികൾ ആവിഷ്കരിക്കാനാണ ശ്രമം. ഒപ്പം ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ വിനോദ സഞ്ചാരികൾക്കു കുട്ടനാട്ടിലെ ഗ്രാമീണ ജീവിതം അനുഭവിച്ചറിയാൻ കഴിയുംവിധം പാക്കേജുകൾ തയാറാക്കിയും ഹോംസ്റ്റേ പോലുള്ള സംരംഭങ്ങൾ പുതുതായി ആരംഭിക്കാൻ തദ്ദേശവാസികളെ സജ്ജരാക്കിയും പ്രദേശത്തിന്റെ വിനോദ സഞ്ചാര സാധ്യത പ്രയോജന പ്പെടുത്താനാവും. ഇതോടൊപ്പം കാവാലം പഞ്ചായത്തിനെ People's Participation for Participatory Planning and Empowerment through Responsible Tourism(PEPPER) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളും പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ